തോട്ടം തൊഴിലാളികൾക്ക് സഹായം

65 [519] ശ്രീ. കെ. കെ. ജയചന്ദ്രൻ:
" കെ. പി. സതീശ് ചന്ദ്രൻ:
" എം. വി. ജയരാജൻ:
" പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂട്ടിക്കിടക്കുന്ന തോട്ടം മേഖലയിലെ തൊഴിലാളികളെ സഹായിക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് തോട്ടം മേഖലയിൽ എത്ര പേർക്ക് തൊഴിൽ നഷ്ടപ്പെട്ടിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസ ചെലവ് സർക്കാർ വഹിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ;

(ഡി) എത്ര വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ചെലവ് നൽകുകയുണ്ടായി എന്ന് വെളിപ്പെടുത്തുമോ;

(ഇ) പ്രൊഫഷണൽ കോളേജുകളിൽ ചേർന്നിട്ടുള്ള കുട്ടികളുടെ ഫീസിനുള്ള ചെലവ് സർക്കാർ വഹിക്കുന്നുണ്ടോ; എത്ര വിദ്യാർത്ഥികൾക്ക് സർക്കാർ ഫീസ് ചെലവ് നൽകുകയുണ്ടായി എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പൂട്ടിക്കിടക്കുന്ന തോട്ടം മേഖലയിലെ തൊഴിലാളികളെ സഹായിക്കുന്നതിനായി നിരവധി നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

(ബി) 34 എസ്റ്റേറ്റുകളിലായി 13413 തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടിട്ടുണ്ടെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ട്.

(സി) 2004-2005-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഇതിനായി ഒരു കോടി രൂപ സർക്കാർ വഹിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്.

(ഡി ആന്റ് ഇ) പൂട്ടിക്കിടക്കുന്ന തോട്ടം തൊഴിലാളികളുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി ഇടുക്കി ജില്ലാ കളക്ടർ ചെയർമാനായി ഒരു സഹായനിധി രൂപീകരിച്ചിട്ടുണ്ട്. അതുവഴി വിദ്യാർത്ഥികൾക്ക് യൂണിഫോറവും, പുസ്തകങ്ങളും, ഫീസും നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിദ്യാലയ വർഷം ആരംഭമായതിനാൽ മൊത്തം വിദ്യാർത്ഥികളുടെ എണ്ണവും, ചിലവും ഇപ്പോൾ ലഭ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly